**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 16** **08-08-2023 - ൽ മറുപടിയ്ക്ക്**

**നോർക്കയുടെ പുനരധിവാസ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ദെലീമ,<br>ഡോ. കെ. ടി. ജലീൽ,<br>ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ എം നൗഷാദ്** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | കോവിഡാനന്തരം വിദേശത്തുനിന്നും മടങ്ങിയെത്തി നാട്ടിൽ സ്ഥിരതാമസമാക്കുന്നവർക്കായി നോർക്ക നടപ്പിലാക്കുന്ന പുനരധിവാസ പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | വിദേശ രാജ്യങ്ങളിൽ തൊഴിൽ നഷ്ടപ്പെട്ട് തിരികെയെത്തിയ പ്രവാസി കേരളീയർക്ക് കോവിഡിന്റെ പശ്ചാത്തലത്തിൽ നാട്ടിൽ സംരംഭങ്ങൾ തുടങ്ങാൻ സഹായിക്കുന്നതിനായി പ്രവാസി ഭദ്രതാ പദ്ധതിക്ക് രൂപം നൽകിയിരുന്നു. വിവിധ തൊഴിൽ സാഹചര്യങ്ങളിൽ നിന്നും തിരികെയെത്തിയവർക്ക് ഉപജീവനമാർഗ്ഗവും വരുമാനമാർഗ്ഗവും കണ്ടെത്തുന്നതിലേക്ക് മൂന്ന് വായ്പാ പദ്ധതികളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.<br><br>1. അവിദഗ്ധ തൊഴിൽ മേഖലയിൽ നിന്നുള്ള കുറഞ്ഞ വരുമാന പരിധിയിൽപ്പെട്ടവർക്കായി കുടുംബശ്രീ മുഖാന്തിരം - പ്രവാസി ഭദ്രതാ - പേൾ (ഒരാൾക്ക് പരമാവധി 2 ലക്ഷം രൂപ പലിശ രഹിത വായ്പ)<br><br>2. സൂക്ഷ്മ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിലേയ്ക്കായി, കെ.എസ്.എഫ്.ഇ /കേരള ബാങ്ക് മുഖാന്തിരം - പ്രവാസി ഭദ്രതാ - മൈക്രോ<br><br>(ഒരാൾക്ക് പരമാവധി 5 ലക്ഷം രൂപ വായ്പയ്ക്ക് പരമാവധി 1 ലക്ഷം രൂപ മൂലധന സബ്സിഡിയും + 3% പലിശ സബ്സിഡിയും)<br><br>3. ചെറുകിട വ്യവസായ സംരംഭങ്ങൾക്കായി കെ.എസ്.ഐ.ഡി.സി മുഖാന്തിരം - പ്രവാസി ഭദ്രതാ - മെഗാ<br><br>(ഒരാൾക്ക് പരമാവധി 2 കോടി രൂപ വരെയുള്ള വായ്പകൾ - 5% പലിശ നിരക്കിൽ)<br><br>പ്രവാസി ഭദ്രതാ പദ്ധതികൾക്ക് പുറമേ വിദേശത്ത് നിന്ന് തിരികെയെത്തിയ പ്രവാസി കേരളീയർക്ക് |

| | | | |
|---|---|---|---|
| | | | സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) പദ്ധതി നിലവിലുണ്ട്. ടി പദ്ധതി പ്രകാരം 30 ലക്ഷം രൂപ വരെ പദ്ധതി തുക വരുന്ന സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് പൊതുമേഖലാ ബാങ്കുകളും ഷെഡ്യൂൾഡ് ബാങ്കുകളും ഉൾപ്പടെ 18 ധനകാര്യസ്ഥാപനങ്ങളിൽ നിന്നും വായ്പാ സൗകര്യം ലഭ്യമാണ്. 30 ലക്ഷം രൂപ വരെയുള്ള പ്രോജക്ടുകൾക്ക് പദ്ധതിച്ചെലവിന്റെ 15% (പരമാവധി 3 ലക്ഷം രൂപ) മൂലധന സബ്സിഡിയും കൃത്യമായ തിരിച്ചടവുകൾക്ക് 3% പലിശ സബ്സിഡിയും (ആദ്യ നാലുവർഷത്തേക്ക്) അനുവദിക്കുന്നുണ്ട്. |
| (ബി) | ടൂറിസം, പശ്ചാത്തല സൗകര്യങ്ങൾ, വ്യവസായങ്ങൾ, സേവന കേന്ദ്രങ്ങൾ തുടങ്ങിയവയിൽ പ്രവാസികൾക്ക് നിക്ഷേപം നടത്തുന്നതിന് സൗകര്യമൊരുക്കുന്നതിനായി ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് ആന്റ് ഹോൾഡിങ് ലിമിറ്റഡ് എന്ന പേരിൽ കമ്പനി രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | ഒന്നാം ലോക കേരള സഭയുടെ സ്റ്റാൻഡിങ് കമ്മിറ്റി ശിപാർശ പ്രകാരം ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് ആന്റ് ഹോൾഡിങ് ലിമിറ്റഡ് (OKIHL) എന്ന 100% സർക്കാർ ഓഹരിയോടെയുള്ള കമ്പനി രൂപീകരിച്ചു. കമ്പനിയുടെ നയപരവും ഭരണപരവുമായ കാര്യങ്ങളിൽ തീരുമാനം എടുക്കാനുള്ള അധികാരവും കമ്പനിയുടെ നിയന്ത്രണവും സർക്കാരിൽ നിക്ഷിപ്തമാണ്. |
| (സി) | പ്രസ്തുത കമ്പനിയുടെ അനുബന്ധ കമ്പനിയായ റെസ്റ്റ് സ്റ്റോപ്പ് പാതയോര വിശ്രമകേന്ദ്രങ്ങൾ ഏറ്റെടുത്തിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് ആന്റ് ഹോൾഡിങ് ലിമിറ്റഡിന്റെ (OKIHL) പ്രഥമ സംരംഭമാണ് അന്താരാഷ്ട്ര നിലവാരത്തിലുള്ള ദേശീയ/സംസ്ഥാന പാതയോരത്തെ വേസൈഡ് അമിനിറ്റീസ് പ്രോജക്റ്റ്. **റെസ്റ്റ്സ്റ്റോപ്പ്** എന്ന പേരിലാണ് ഈ പദ്ധതി നടപ്പാക്കുന്നത്.<br><br>റെസ്റ്റ്സ്റ്റോപ്പ് പ്രോജക്ടിൽ ഫുഡ് കോർട്ടുകൾ, സ്റ്റോറുകൾ, പെട്രോൾ സ്റ്റേഷനുകൾ, വാഹന അറ്റകുറ്റ പണി കേന്ദ്രങ്ങൾ, പോലീസ് എയ്ഡ് പോസ്റ്റുകൾ, ചെറിയ ക്ലിനിക്കുകൾ, വാഷ്റൂമുകൾ തുടങ്ങിയവ ഉൾപ്പെടുന്നു. അന്താരാഷ്ട്ര സവിശേഷതകളും സൗകര്യങ്ങളുമുള്ള റെസ്റ്റ്സ്റ്റോപ്പ് സെന്ററുകളുടെ ഡിസൈൻ അന്താരാഷ്ട്ര ആർക്കിടെക്ച്ചർ കമ്പനി ഇതിനകം വികസിപ്പിച്ചെടുത്തിട്ടുണ്ട്. പ്രസ്തുത സംരംഭം ആരംഭിക്കുന്നതിനായി അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തി വരുന്നു.<br><br>കാസർഗോഡ് ജില്ലയിലെ തലപ്പാടിയിൽ പ്രഥമ റെസ്റ്റ്സ്റ്റോപ്പ് ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത വിശ്രമകേന്ദ്രങ്ങളിൽ എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നത്; | (ഡി) | ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് ആന്റ് ഹോൾഡിങ്ങ് ലിമിറ്റഡിന്റെ (OKIHL) പ്രഥമ സംരംഭമാണ് അന്താരാഷ്ട്ര നിലവാരത്തിലുള്ള ദേശീയ/സംസ്ഥാന പാതയോരത്തെ വേസൈഡ് അമിനിറ്റീസ് പ്രോജക്റ്റ്. **റെസ്റ്റ്സ്റ്റോപ്പ്** എന്ന പേരിലാണ് ഈ പദ്ധതി നടപ്പാക്കുന്നത്.<br><br>റെസ്റ്റ്സ്റ്റോപ്പ് പ്രോജക്ടിൽ ഫുഡ് കോർട്ടുകൾ, സ്റ്റോറുകൾ, പെട്രോൾ സ്റ്റേഷനുകൾ, വാഹന അറ്റകുറ്റ പണി കേന്ദ്രങ്ങൾ, പോലീസ് എയ്ഡ് പോസ്റ്റുകൾ, ചെറിയ ക്ലിനിക്കുകൾ, വാഷ്റൂമുകൾ തുടങ്ങിയവ ഉൾപ്പെടുന്നു. അന്താരാഷ്ട്ര സവിശേഷതകളും സൗകര്യങ്ങളുമുള്ള റെസ്റ്റ്സ്റ്റോപ്പ് സെന്ററുകളുടെ ഡിസൈൻ അന്താരാഷ്ട്ര ആർക്കിടെക്ചർ കമ്പനി ഇതിനകം വികസിപ്പിച്ചെടുത്തിട്ടുണ്ട്. പ്രസ്തുത സംരംഭം ആരംഭിക്കുന്നതിനായി അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തി വരുന്നു.<br><br>കാസർഗോഡ് ജില്ലയിലെ തലപ്പാടിയിൽ പ്രഥമ റെസ്റ്റ്സ്റ്റോപ്പ് ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |
| (ഇ) | മടങ്ങിയെത്തുന്ന പ്രവാസികൾക്ക് ഇത്തരം കേന്ദ്രങ്ങളിൽ തൊഴിലവസരം ഒരുക്കുവാനും നിക്ഷേപം നടത്തുന്നതിന് അവസരം നൽകുവാനും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | (ഇ) | പ്രവാസി മലയാളികൾക്ക് ലാഭകരമായി നിക്ഷേപിക്കാനും മടങ്ങി എത്തിയ പ്രവാസികൾക്കു അവരുടെ കഴിവുകളും വൈദഗ്ധ്യവും പ്രയോജനപ്പെടുത്താനുമുള്ള സാധ്യതകളാണ് റെസ്റ്റ്സ്റ്റോപ്പ് നൽകുന്നത്. മടങ്ങി എത്തിയ പ്രവാസികൾക്ക് തൊഴിലും സ്വയം തൊഴിൽ കണ്ടെത്താനുള്ള അവസരങ്ങളും ലഭിക്കുന്ന മാതൃകയിലാണ് റെസ്റ്റ്സ്റ്റോപ്പ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത് |

സെക്ഷൻ ഓഫീസർ